## പതിനാലാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം **നമ്പർ : * 408** **20.10.2016** ൽ മറുപടിയ്ക്ക്

### ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

**ചോദ്യം**

**ശ്രീ.കെ. രാജൻ**
**ശ്രീ. മുല്ലക്കര രത്നാകരൻ**
**ശ്രീമതി. ഗീതാ ഗോപി**
**ശ്രീ. വി.ആർ.സുനിൽ കുമാർ**

**മറുപടി**

**ശ്രീ.ഇ. ചന്ദ്രശേഖരൻ**
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം സംസ്ഥാനത്ത് ആകെ എത്ര അപേക്ഷകളാണ് ലഭിച്ചത്; എത്ര ശതമാനം പേർക്ക് ഭൂമി ലഭിച്ചുവെന്ന് അറിയിക്കുമോ; | ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം 2,91,757 അപേക്ഷകൾ ലഭിച്ചിരുന്നു. ഇവയിൽ നിന്ന് 2,43,928 കുടുംബങ്ങളെയാണ് ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിരുന്നു. പദ്ധതി പ്രകാരം 58,398 ഗുണഭോക്താക്കൾക്ക് ഭൂമി അനുവദിച്ചിരുന്നു. പതിവ് ചട്ടപ്രകാരം ഭൂമി കൈമാറുന്ന പ്രവർത്തനം പുരോഗമിച്ചു വരുന്നു. 25.08.2016-ലെ കണക്കനുസരിച്ച് 30,302 ഗുണഭോക്താക്കൾക്ക് ഭൂമി കൈമാറിയിട്ടുണ്ട്. |
| (ബി) | ഈ പദ്ധതി നവീകരിച്ച് യാഥാർത്ഥ്യ ബോധത്തോടെ നടപ്പിലാക്കാൻ ഈ സർക്കാർ തയ്യാറാകുമോ; | പദ്ധതി നവീകരിച്ച് യാഥാർത്ഥ്യ ബോധത്തോടെ നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളത് |
| (സി) | സംസ്ഥാനത്തെ മുഴുവൻ ഭൂരഹിതർക്കും ഭൂമി നൽകാൻ എത്ര ഭൂമി ആവശ്യമുണ്ട്; ഇതിൽ സർക്കാരിന്റെ കൈവശം എത്ര ഭൂമിയുണ്ട്; ഈയാവശ്യത്തിനായി ഏറ്റെടുക്കേണ്ട ഭൂമിയുടെ അളവ് വ്യക്തമാക്കാമോ; എത്ര വർഷം കൊണ്ട് ഇത് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ? | അവശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് നൽകുന്നതിന് ഏകദേശം 8000 ഏക്കർ ഭൂമി വേണ്ടി വരുമെന്ന് കാണുന്നു. അനുയോജ്യമായ സർക്കാർ ഭൂമി കണ്ടെത്തുന്ന പ്രവർത്തനം പൂർത്തിയായിട്ടില്ലാത്തതിനാൽ ഭൂമിയുടെ അളവ് വ്യക്തമല്ല. കൈയ്യേറ്റങ്ങൾ ഒഴിപ്പിച്ചും പാട്ടത്തിന് നൽകിയിരുന്ന ഭൂമികളിൽ പാട്ടക്കുടിശ്ശിക വരുത്തിയിട്ടുള്ളതുമായ ഭൂമികൾ തിരിച്ചെടുത്തും ഏറ്റെടുക്കാൻ അവശേഷിക്കുന്ന മിച്ചഭൂമികൾ പൂർണ്ണമായും ഏറ്റെടുത്തു കൊണ്ടും പദ്ധതി പൂർത്തിയാക്കാനുള്ള സാദ്ധ്യത പരിശോധിച്ചു വരുകയാണ്. അടുത്ത 3 വർഷം കൊണ്ട് പദ്ധതി പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ